സബ്മിഷൻ

കരിയാട് വളവ് നേരെയാക്കൽ

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജക മണ്ഡലത്തിലെ.. .......(ബഹളം)....... സർ, അവർ മുദ്രാവാക്യം.....

മി. സ്പീക്കർ: അവരെ മുദ്രാവാക്യം വിളക്കാൻ നിങ്ങൾ സമ്മതിക്കില്ലേ. വേണമെങ്കിൽ നിങ്ങളും വിളിച്ചോ. നോ... അത് അവരുടെ റൈറ്റാണ്..... പ്ലീസ്....

ശ്രീ. അൻവർ സാദത്ത്: സർ, ആലുവ നിയോജക മണ്ഡലത്തിലൂടെ കടന്നു പോകുന്ന.........

മി. സ്പീക്കർ: ശ്രീ. അൻവർ സാദത്ത്, ഇത് ആർക്കും കേൾക്കാൻ കഴിയില്ല. ചെയറിനോട് അവർ പറഞ്ഞത് അവരവരുടെ സീറ്റിൽ നിശബ്ദമായിരിക്കുമെന്നാണ് പറഞ്ഞത്. അതുകൊണ്ടാണ് ഞാൻ സബ്മിഷൻ എടുത്തത്. അവർ ബഹളമുണ്ടാക്കിയാൽ എന്ത് ചെയ്യാൻ കഴിയും? അവരവരുടെ സീറ്റിലിരിക്കുമെന്നാണ് പ്രതിപക്ഷ നേതാവ് പറഞ്ഞത്. മുദ്രാവാക്യം വിളിക്കുമെന്നോ തടസ്സപ്പെടുത്തുമെന്നോ പറഞ്ഞില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് മറുപടി പറയുന്നോ. മറുപടി ബഹുമാനപ്പെട്ട അംഗങ്ങൾക്ക് കൊടുത്താലും മതിയാകും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അൻവർ സാദത്ത് ഉന്നയിക്കുന്ന പ്രശ്നം വളരെ ഗൗരവമുള്ളതാണ്. ആലുവ –അങ്കമാലി–തൃശ്ശൂർ നാലുവരിപ്പാതയായി ഉയർത്തിയതിനുശേഷം വളരെ യേറെ അപകടങ്ങൾ കരിയാട് വളവിൽ ഉണ്ടായിട്ടുണ്ട്. ടി സ്ഥലത്തെ വളവ് നിവർത്തുന്നതിന് 800 മീറ്റർ നീളമുള്ള ഒരു റോഡ് നിർമ്മിക്കേണ്ടതുണ്ട്.

ആയതിലേയ്ക്കായി 1.68 ഹെക്ടർ സ്ഥലം ഏറ്റെടുക്കേണ്ടതാണ്. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ഏകദേശം അഞ്ച് വീടുകൾ ഉണ്ട്. ഈ ആവശ്യത്തിലേയ്ക്കായി ഉണ്ടാകുന്ന ചെലവുകൾ സംസ്ഥാന സർക്കാർ വഹിക്കേണ്ടി വരുമെന്ന് ദേശീയ പാതാ വികസന അതോറിറ്റി അറിയിച്ച സാഹചര്യത്തിൽ ഇതുസംബന്ധിച്ച് സംസ്ഥാന സർക്കാർ വഹിക്കേണ്ട ബാധ്യത സംബന്ധിച്ചും ഏറ്റെടുക്കേണ്ട ഭൂമിയുടെ യഥാർത്ഥ വിസ്തൃതി സംബന്ധിച്ചും റിപ്പോർട്ട് സമർപ്പിക്കാൻ ദേശീയപാതാ വികസന അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായാലുടൻ ഇക്കാര്യത്തിൽ ഉചിതമായ തീരുമാനം എടുക്കുന്നതാണ്. വളരെയേറെ അപകടങ്ങൾ ഉണ്ടായിട്ടുണ്ട്. ഏറ്റവും വേഗത്തിൽ ഇതിന്റെ നടപടിയെടുക്കും.

## എ.ഐ.ഐ.എം.എസ്.-ന്റെ ആവശ്യകത

ശ്രീ. ഹൈബി ഈഡൻ: സർ, ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് കൊച്ചിയിൽ സ്ഥാപിക്കേണ്ടതിന്റെ ആവശ്യകതയാണ്, പ്രാധാന്യമാണ് ഈ സബ്മിഷനിലൂടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. ഇന്ത്യയിൽ ആരോഗ്യരംഗത്ത് അഭിമാനകരമായ ഒരു സ്ഥാപനമായി പ്രവർത്തിക്കുന്ന എ.ഐ.ഐ.എം.എസ്., ആധുനിക ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും മികച്ച ഡോക്ടർമാരുടെ സൗകര്യം ലഭ്യമാക്കുന്നതിലും ലോകനിലവാരത്തിലുള്ള റിസർച്ച് ആന്റ് ഡെവലപ്മെന്റിന്റെ കാര്യത്തിലുമെല്ലാം ഒരു സെന്റർ ഓഫ് എക്സലൻസായി മാറിയിരിക്കുകയാണ്. എ.ഐ.ഐ.എം.എസ്. കൊച്ചിയിൽ സ്ഥാപിക്കേണ്ടത് കേരളത്തിലെ പല ഭാഗങ്ങളിൽനിന്നും എത്തിച്ചേരാൻ ഏറ്റവും

പ്രായോഗികമായ സ്ഥലമായതുകൊണ്ടാണ്. കേന്ദ്രഗവൺമെന്റിന്റെ തീരുമാനമനുസരിച്ച് 200 ഏക്കർ സ്ഥലം കൊടുത്താൽ അത് അനുവദിക്കാമെന്ന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. പുതിയ ലാന്റ് അക്വിസിഷൻ നിയമമനുസരിച്ച് ഭൂമി ഏറ്റെടുക്കാൻ ബുദ്ധിമുട്ടുള്ള ഈ സാഹചര്യത്തിൽ സർക്കാരിന്റെതന്നെ കൈവശമുള്ള എച്ച്.എം.ടി.-യുടെയോ എഫ്.എ.സി.ടി.-യുടെയോ കിൻഫ്രയുടെയോ ഭൂമിയോ അല്ലെങ്കിൽ പുതു വൈപ്പിനിലുള്ള സ്ഥലമോ ഏറ്റെടുക്കാനുള്ള നടപടികൾ ഗവൺമെന്റ് സ്വീക രിക്കണം. കേരളത്തിലുള്ള ആളുകൾക്ക് മാത്രമല്ല ലക്ഷദ്വീപിലുള്ള ആളു കൾക്കും അവരെപ്പോഴും എറണാകുളം ജനറൽ ആശുപത്രിയെയും അവിടെ യുള്ള സ്വകാര്യ ആശുപത്രികളെയും ആശ്രയിക്കുന്ന സാഹചര്യത്തിൽ എ. ഐ.ഐ.എം.എസ്. കൊച്ചിയിൽത്തന്നെ സ്ഥാപിക്കണം. മെട്രോ റെയിൽ, കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം തുടങ്ങി ജനങ്ങൾക്ക് ട്രാൻസ്പോർട്ടേ ഷൻ സൗകര്യം എളുപ്പമാകുന്ന ഒരു സ്ഥലം, അതോടൊപ്പംതന്നെ ഇപ്പോൾ കൊച്ചിയിൽ സർക്കാർ മെഡിക്കൽ കോളേജ് വന്നിരിക്കുന്നു. ആർ.സി.സി. മാതൃകയിലുള്ള ലോക നിലവാരത്തിലുള്ള ക്യാൻസർ സെന്റർ വരുന്നു. അതുകൊണ്ടുതന്നെ കൊച്ചിയെ ഒരു മെഡിക്കൽ ഹബ്ബായി വളർത്താനുള്ള നടപടികൾ ഇതിലൂടെ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഓൾ ഇന്ത്യാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് സ്ഥാപിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അതു

സംബന്ധിച്ച് കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയുടെ ഒരു കത്ത് എനിക്ക് ലഭിച്ചു. ഏകദേശം 200 ഏക്കർ വരുന്ന മൂന്നോ നാലോ അനുയോജ്യമായ സ്ഥലങ്ങൾ നിർദ്ദേശിക്കാനാണ് സംസ്ഥാന ഗവൺമെന്റിനോട് കേന്ദ്രഗവൺമെന്റ് ആവശ്യപ്പെട്ടിരിക്കുന്നത്. ജലം, വൈദ്യുതി, റോഡ് സൗകര്യം തുടങ്ങിയവ ലഭ്യമാണെന്ന് ഉറപ്പുവരുത്തണം, സംസ്ഥാന ഗവൺമെന്റ് അതിന്റെ ചെലവ് വഹിക്കണം. ഇങ്ങനെ സംസ്ഥാന ഗവൺമെന്റിന്റെ നിർദ്ദേശം കിട്ടിയാൽ ഈ സ്ഥലങ്ങൾ സന്ദർശിക്കാൻ കേന്ദ്രം ഒരു സംഘത്തെ നിയോഗിക്കും. അവർ ശുപാർശ ചെയ്യുന്നതനുസരിച്ചായിരിക്കും സ്ഥലമെടുക്കുന്നത്. എറണാകുളം ഉൾപ്പെടെ പല ജില്ലകളിൽനിന്നും ഈ ആവശ്യം ഉയർന്നുവന്നിട്ടുണ്ട്. അതുസംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചുവരുന്നതേയുള്ളൂ എന്ന് വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.

## കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാഡമിയുടെ വിപുലീകരണം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, തൃശ്ശൂരിലെ കേരള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാഡമി വിപുലീകരിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണ് ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ഈ അക്കാഡമിയിൽ പരിശീലനത്തിനായി ഒരു ഫയർ സ്റ്റേഷൻ വേണം, അതുപോലെതന്നെ സൗകര്യങ്ങൾ വേണമെന്നു കൂടി അഭ്യർത്ഥിക്കുകയാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് വകുപ്പിലെ അസിസ്റ്റന്റ് സ്റ്റേഷൻ

ഓഫീസർ വരെയുള്ള തസ്തികകളുടെ അടിസ്ഥാന പരിശീലനവും ഇൻ–സർവ്വീസ് ട്രെയിനിംഗും നൽകുന്നതിനുള്ള ഏക സ്ഥാപനമാണ് തൃശ്ശൂരിലുള്ള ഫയർ ആന്റ് റസ്ക്യൂ സർവ്വീസസ് അക്കാഡമി. നിലവിൽ ഫയർമാൻമാരുടെ അടിസ്ഥാന പരിശീലനം, ഫയർമാൻ–കം–പമ്പ് ഓപ്പറേറ്റർക്കുള്ള അടിസ്ഥാന പരിശീലനം, ലീഡിംഗ് ഫയർമാൻ കോഴ്സ് (ഇൻ–സർവ്വീസ്), ഡ്രൈവർ മെക്കാനിക് എലിജിബിലിറ്റി കോഴ്സ് (ഇൻ–സർവ്വീസ്), ഡ്രൈവർ മെക്കാനിക് കോഴ്സ് (ഇൻ–സർവ്വീസ്), ട്രെയിനിംഗ് ഓഫ് ട്രെയിനേഴ്സ് (ഇൻ–സർവ്വീസ്) കോഴ്സ്, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ കോഴ്സ്, അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ, സ്റ്റേഷൻ ഓഫീസർ തസ്തികകളിലെ ജീവനക്കാരുടെ റിഫ്രഷർ കോഴ്സ് എന്നിവ ഈ അക്കാഡമിയിൽ നടത്തിവരുന്നു. നിലവിലുള്ള കോഴ്സുകൾക്കു പുറമെ അക്കാഡമിയിലെ നിലവിലുള്ള സൗകര്യങ്ങൾ വർദ്ധിപ്പിച്ച് ഇന്ത്യയിലും വിദേശരാജ്യങ്ങളിലും തൊഴിൽ സാദ്ധ്യതയുള്ള ഫയർ ആന്റ് റെസ്ക്യൂവുമായി ബന്ധപ്പെട്ട സെൽഫ് ഫൈനാൻസിംഗ് കോഴ്സുകൾകൂടി ആരംഭിക്കുന്നതാണ്. ഇതോടൊപ്പം അക്കാഡമിയെ നാഷണൽ ഫയർ സർവ്വീസ് കോളേജിന്റെ റീജിയണൽ സെന്ററാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

(പ്രതിപക്ഷാംഗങ്ങൾ വീണ്ടും ഒന്നടങ്കം പ്രതിപക്ഷനേതാവിന്റെ ഇരിപ്പിടത്തിനു സമീപംവന്ന് ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിച്ചു കൊണ്ടിരിക്കുകയും ചെയ്തു.)

<u>മി. സ്പീക്കർ:</u> ഒരു സമരമാരംഭിക്കുമ്പോൾ നിങ്ങൾക്കൊരു സമീപനവും നയവും കാഴ്ചപ്പാടും വേണം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത്........, ശ്രീ. ബെന്നി ബെഹനാൻ, ഇവിടെ ചെയർ

സംസാരിച്ചുകൊണ്ടിരിക്കുകയാണ്. അതിനിടയിൽ നിങ്ങൾ ഈ പ്രശ്നം വഷളാക്കാൻ ശ്രമിക്കുകയാണോ?. ....(ബഹളം)..... പ്ലീസ്, പ്ലീസ്.....

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒന്നുകിൽ ബഹുമാനപ്പെട്ട സ്പീക്കർ പ്രതിപക്ഷനേതാവിനെ വിളിച്ച് സംസാരിക്കണമായിരുന്നു.

മി. സ്പീക്കർ: ഇവിടെ ഇരുന്നുകൊണ്ട് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനോട് എന്ത് സംസാരിക്കാനാണ്? അതിനുവേണ്ടി ഇവിടെ ഒന്നുമുണ്ടായിട്ടില്ല. .....(ബഹളം)...... പ്രതിപക്ഷ നേതാവിനോട് ചെയർ എങ്ങനെ പെരുമാറണമെന്ന് എന്നെ പഠിപ്പിക്കണ്ട. ഞാൻ എല്ലാ ബഹുമാനവും കൊടുക്കാറുണ്ട്. ഞങ്ങൾ പുറത്തുപോകുന്നില്ല, അവരവരുടെ സീറ്റിലിരിക്കുമെന്നാണ് ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞത്. നിയമസഭാ ചട്ടങ്ങൾ അനുസരിച്ച് എം.എൽ.എ.–മാർ സീറ്റിലിരുന്നാൽ അവരെ വിളിക്കേണ്ട ഉത്തരവാദിത്വം ചെയറിനുണ്ട്. അവർക്ക് എഴുന്നേൽക്കാം, എഴുന്നേൽക്കാതിരിക്കാം. അവരവരുടെ വിഷയം വരുമ്പോൾ സീറ്റിലുള്ള അംഗത്തെ വിളിക്കേണ്ട ഉത്തരവാദിത്വം ചട്ടമനുസരിച്ച് ചെയറിനുണ്ട്. ഇതു വരെ സീറ്റിലുള്ളവരെയാണ് വിളിച്ചത്. ശ്രീ. കെ. കെ. നാരായണന്റെ പേര് വന്നപ്പോൾ നിങ്ങൾ സീറ്റിൽനിന്ന് എണീറ്റു. അതുകൊണ്ട് ആ സന്ദർഭത്തിൽ പ്രതിപക്ഷ നേതാവിനോട് പ്രത്യേകം സംസാരിക്കേണ്ട സാഹചര്യമുണ്ടായില്ല. പ്രതിപക്ഷ നേതാവിനെ വിളിച്ചു സംസാരിക്കുകയോ അദ്ദേഹത്തിന്റെ ചേംബറിൽ പോയി സംസാരിക്കാനോ ചെയറിന് മടിയില്ല. അതുകൊണ്ട് അതൊന്നും ചെയറിനെ പഠിപ്പിക്കണ്ട. ദയവായി സീറ്റുകളിലേയ്ക്ക് പോകണം. .......(ബഹളം)...... നിങ്ങൾ വിഷയം മാറ്റരുത്. പ്ലീസ്, പ്ലീസ്....., ശ്രീ. കെ. കെ. നാരായണൻ, നോട്ട് ഇൻ ദ സീറ്റ്. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ അങ്ങേയ്ക്ക് സബ്മിഷൻ അവതരിപ്പിക്കാവുന്നതാണ്. .....(ബഹളം)......

## സി.എച്ച്.സി.-യിലേയ്ക്ക് അടിസ്ഥാനസൗകര്യം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സർ, നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാണ് കുമ്പളങ്ങി ഹെൽത്ത് സെന്റർ. അവിടെ ഡോക്ടർമാരുടെയടക്കം നിരവധി വേക്കൻസികളുണ്ട്. സ്റ്റാഫ് നഴ്സിന്റെ കുറവുണ്ട്. അതുകൊണ്ട് അടിയന്തരമായി ആ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനാവശ്യമുള്ള സ്റ്റാഫിനെ കൊടുക്കാനും നന്നായി പ്രവർത്തിക്കുവാനുള്ള സംവിധാനമുണ്ടാക്കണമെന്നും ആവശ്യപ്പെടുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, സി.എച്ച്.സി.-യുടെ പ്രവർത്തനങ്ങൾ....., ഇവിടെ ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചതിൽ അസിസ്റ്റന്റ് സർജന്റെ മൂന്ന് തസ്തികകൾ പുതുതായി അനുവദിച്ചിട്ടുണ്ട്. ഇവിടെപ്പറയുന്ന കാര്യങ്ങൾ ഫലപ്രദമായി........, സ്റ്റാഫിനേയും അതുപോലെ തന്നെ മറ്റു സൗകര്യങ്ങളും ഒരുക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, ഞങ്ങളെല്ലാം സീറ്റുകളിൽ കുത്തിയിരിക്കുമെന്ന് പറയുകയുണ്ടായി. അതിനെതുടർന്ന് എന്തെങ്കിലും ആവശ്യമായ rethinking ഉണ്ടാകുമെന്നാണ് ഞങ്ങൾ കരുതിയത്. പക്ഷേ പ്രതിപക്ഷമില്ലെങ്കിലും ഞങ്ങൾ സഭ നടത്തുകതന്നെ ചെയ്യുമെന്നുള്ള ഒരു

ദുർവാശി എടുത്തിരിക്കുന്ന സാഹചര്യത്തിൽ ഞങ്ങളൊന്നും ഈ സീറ്റുകളിലിരിക്കുന്നില്ല. ഞങ്ങൾ പുറത്ത് പോകുകയാണ്. വാക്കൗട്ട് ചെയ്യുകയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞങ്ങൾ ഇന്നത്തെ സഭാനടപടികൾ ബഹിഷ്ക്കരിക്കുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സഭാനടപടികൾ ബഹിഷ്കരിച്ചുകൊണ്ട് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങളും ഒന്നടങ്കം സഭവിട്ട് പുറത്തുപോയി.)

## ജനറൽ ഹോസ്പിറ്റൽ മാറ്റിസ്ഥാപിക്കൽ

ശ്രീ. എം. ഉമ്മർ: സർ, മഞ്ചേരിയിലെ ജനറൽ ഹോസ്പിറ്റൽ മെഡിക്കൽ കോളേജാക്കി ഉയർത്തിയപ്പോൾ ജനറൽ ഹോസ്പിറ്റൽ മഞ്ചേരിയിൽ തന്നെ ചെരണിയിലുള്ള ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുമെന്ന ധാരണ ഉണ്ടാക്കിയിരുന്നു. കഴിഞ്ഞവർഷം മെഡിക്കൽ കോളേജ് ആരംഭിക്കുകയും 100 കുട്ടികളുടെ അഡ്മിഷൻ പൂർത്തീകരിച്ച് വികസനപ്രവർത്തനങ്ങളുമായി മുന്നോട്ടുപോവുകയാണ്. ഇപ്പോൾ രണ്ടാമത്തെ ടേമിലേയ്ക്ക് കടന്ന് കൂടുതൽ കുട്ടികളും ഡോക്ടർമാരും വരുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. അതുകൊണ്ട് മഞ്ചേരി ജനറൽ ഹോസ്പിറ്റൽ മുൻ ധാരണയുടെ അടിസ്ഥാനത്തിൽ ചെരണിയിൽ അഞ്ചേക്കറോളം വരുന്ന ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ സ്ഥലത്ത് മാറ്റി സ്ഥാപിച്ചുകൊണ്ട് മഞ്ചേരി ജനറൽ ഹോസ്പിറ്റലിന്റെയും മെഡിക്കൽ കോളേജിന്റെയും പ്രവർത്തനം സുഗമമാക്കുന്നതിന് വേണ്ടിയുള്ള നടപടി സ്വീകരിക്കണമെന്ന് അങ്ങയോട് ഞാൻ അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സർ, മഞ്ചേരി ജനറൽ ആശുപത്രിയുടെ സൗകര്യങ്ങൾ ഉപയോഗിച്ചുകൊണ്ട് ഒരു മെഡിക്കൽ കോളേജ് ആരംഭിക്കുവാൻ തീരുമാനിച്ചതനുസരിച്ച് ജനറൽ ആശുപത്രിയിലെ ജീവനക്കാർ, ഉപകരണങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ മെഡിക്കൽ വിദ്യാഭ്യാസത്തിന് ഉപയോഗിച്ചുകൊണ്ട് മഞ്ചേരി ജനറൽ ആശുപത്രിയും മഞ്ചേരി ഗവൺമെന്റ് മെഡിക്കൽ കോളേജ് ആശുപത്രിയെന്ന് നാമകരണം ചെയ്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. മഞ്ചേരി ജനറൽ ആശുപത്രി മെഡിക്കൽ കോളേജാക്കി മാറ്റിയപ്പാൾ ഉണ്ടായ പ്രശ്നങ്ങളെക്കുറിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയതനുസരിച്ച് മഞ്ചേരിയിലെ ചെരണിയിലെ ടി. ബി. സെന്റർ വളപ്പിൽ ജനറൽ ആശുപത്രി ക്കുവേണ്ടി സ്ഥലം കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിലെ ജനറൽ ആശുപത്രി സൗകര്യങ്ങൾ ഉപയോഗിച്ച് മെഡിക്കൽ കോളേജായി പ്രവർത്തിക്കുമ്പോൾ ഉണ്ടായേക്കാവുന്ന പരിമിതികൾ സർക്കാരിന് ബോധ്യമായിട്ടുണ്ട്. കൂടാതെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ റഫറൽ സംവിധാനം നിലനിൽക്കുന്നതിനാൽ രോഗികളിലേറെ പങ്കും ആരോഗ്യ വകുപ്പിലെ ആശുപത്രികളെയാണ് ആശ്രയിക്കുന്നത്. നിലവിലെ സാഹചര്യത്തിൽ രണ്ട് ആശുപത്രി ഒരു സ്ഥലത്ത് പ്രവർത്തിക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനും ഭരണ നിർവ്വഹണത്തിലുണ്ടാകുന്ന തടസ്സങ്ങൾ ഒഴിവാക്കുന്നതിനും ജനറൽ ആശുപത്രി സ്വതന്ത്രമായി പ്രവർത്തിക്കേണ്ടതുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് ജനറൽ ആശുപത്രി ചെരണിയിലേയ്ക്ക് മാറ്റി

സ്ഥാപിക്കുന്നതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ ഇക്കാര്യത്തിൽ എടുത്ത തീരുമാനം പ്രകാരം നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.